# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 671 10/03/2015-ൽ മറുപടിക്ക്

### ആദിവാസി ഭൂമിവിതരണ പരിപാടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പി.കെ. ബഷീർ : | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ആദിവാസി ഭൂമി വിതരണ പദ്ധതിയുടെ പരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ; | (എ) | ഉണ്ട്. ഭൂമി വിതരണ പദ്ധതിയുടെ പുരോഗതി ജില്ലാതല ഉദ്യോഗസ്ഥരുടെ മീറ്റിംഗുകളിലൂടെയും ബഹു. വകുപ്പ് മന്ത്രി പ്രത്യേകമായും വിലയിരുത്തി വരുന്നു. |
| (ബി) | നടപ്പുവർഷം പ്രസ്തുത പദ്ധതി പ്രകാരമുള്ള ലക്ഷ്യം വ്യക്തമാക്കുമോ; | (ബി) | നടപ്പു വർഷം താഴെപ്പറയുന്ന ലക്ഷ്യങ്ങൾ നിശ്ചയിച്ചിട്ടുണ്ട്.<br>1) വനാവകാശം - ലഭ്യമായ എല്ലാ അപേക്ഷകളും മാർച്ച് 31 ന് മുമ്പ് തീർപ്പാക്കുക.<br>2) വയനാട് ജില്ലയിൽ 50 കോടി രൂപയുടെ ഫണ്ട് ഉപയോഗിച്ച് ഭൂമി വാങ്ങി നൽകുക.<br>3) സുപ്രീം കോടതി വിധി പ്രകാരം വിട്ടുകിട്ടിയ വനഭൂമിയുടെ വിതരണം സംബന്ധിച്ച പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുക. |
| (സി) | നടപ്പുവർഷം വിതരണം ചെയ്ത ഭൂമി സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ? | (സി) | നടപ്പുവർഷം (2014-15) താഴെപ്പറയുന്ന പദ്ധതികളിലൂടെ ഭൂമി വിതരണം ചെയ്തിട്ടുണ്ട്.<br>1) ആശിക്കും ഭൂമി ആദിവാസികൾക്ക് സ്വന്തം - 353 പേർക്ക് 121 ഏക്കർ ഭൂമി<br>2) വനാവകാശം - 82 കുടുംബങ്ങൾക്ക് 54 ഏക്കർ ഭൂമിയുടെ കൈവശരേഖ വിതരണം ചെയ്തു.<br>3) ടി.ആർ.ഡി.എം. മുഖേന ഒരാൾക്ക് ഒരേക്കർ ഭൂമി നൽകുന്നതിന് ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ